**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2535** **06-10-2025 - ൽ മറുപടിയ്ക്ക്**

**വരവു ചെലവു കണക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2024-25 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കാത്തതിനാൽ സർക്കാരിന്റെ കടമെടുപ്പിനെ ബാധിക്കുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ 2024-25-ലെ സപ്ലിമെന്ററി അക്കൗണ്ട് പ്രകാരമുള്ള പൊതു കണക്ക് വിവരങ്ങൾ അക്കൗണ്ടന്റ് ജനറൽ സാക്ഷ്യപ്പെടുത്തി നല്കിയത് 2025-26-ലെ കടമെടുപ്പിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചത്, അംഗീകരിച്ച് 2025-26 സാമ്പത്തിക വർഷത്തെ കടമെടുപ്പിനുള്ള അനുമതി കേന്ദ്ര സർക്കാർ നല്കിയിരുന്നു.<br><br>അക്കൗണ്ടന്റ് ജനറലിൽ നിന്ന് 2024-25-ലെ അന്തിമ കണക്ക് ലഭ്യമാകുന്ന മുറയ്ക്ക് കണക്കുകളിൽ വ്യത്യാസമുണ്ടെങ്കിൽ കടമെടുപ്പിനുള്ള പുതുക്കിയ അപേക്ഷ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്. |
| (ബി) | എതൊക്കെ വകുപ്പുകളാണ് പ്രസ്തുത വരവു ചെലവു കണക്കുകൾ സമർപ്പിക്കാത്തതെന്നും പ്രസ്തുത വകുപ്പുകളിൽ നിന്നും കണക്കുകൾ ശേഖരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ; | (ബി) | എല്ലാ വകുപ്പുകളും വരവ് ചെലവ് കണക്കുകൾ സമർപ്പിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിൽ നിന്ന് ലഭ്യമായ ഏറ്റവും പുതിയ കണക്കനുസരിച്ച് ചില വകുപ്പുകളുടെ ചില ശീർഷകങ്ങളിലെ വരവ് ചെലവ് കണക്കുകളുടെ അനുരഞ്ജനം അന്തിമമാക്കേണ്ടതുണ്ട്. പ്രസ്തുത വകുപ്പുകൾക്ക് ആയത് അടിയന്തരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത വരവു ചെലവു കണക്കുകൾ സമർപ്പിക്കുന്നതിന് അക്കൗണ്ടന്റ് ജനറൽ നൽകിയിട്ടുള്ള പുതിയ സമയപരിധി എന്നുവരെയാണെന്നും പ്രസ്തുത പരിധിക്കുള്ളിൽ വരവു ചെലവു കണക്കുകൾ നൽകിയില്ലെങ്കിൽ വിവിധ വകുപ്പുകൾക്കുള്ള ഫണ്ട് വിതരണത്തെ അത് ബാധിക്കുമോയെന്നും വിശദമാക്കാമോ? | (സി) | കേരളാ ബഡ്ജറ്റ് മാനുവലിൽ നിർദ്ദേശിക്കും പ്രകാരമുള്ള സമയപരിധിയല്ലാതെ പുതിയ സമയപരിധി അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ